**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4895** **02-07-2024 - ൽ മറുപടിയ്ക്ക്**

**ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങളിലെ റൊട്ടേഷൻ സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങൾക്ക് ശിപാർശ നൽകുന്ന റൊട്ടേഷൻ സമ്പ്രദായത്തിൽ മൂന്നാമത് സ്ഥാനം ഇ.ഡബ്ല്യു.എസ്. വിഭാഗത്തിന് നൽകിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (എ) | 19/11/2019 തീയതിയിലെ 2830-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 905/2019 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 18/11/2019 തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 79/2019/RD നമ്പർ വിജ്ഞാപനപ്രകാരം കേരള സർക്കാർ 2019 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്(ഭേദഗതി) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്ക് അഹിന്ദുക്കൾക്ക് അപേക്ഷിക്കുവാൻ കഴിയുകയില്ല എന്നതിനാൽ KS&SSR പ്രകാരം പൊതു നിയമനങ്ങളിൽ അഹിന്ദുക്കൾക്ക് ലഭിക്കേണ്ടതായ 18% സംവരണത്തിലെ 10% Economically Weaker Section (EWS) നും ബാക്കിയുള്ള 8% വിവിധ ഹിന്ദു സംവരണ സമുദായങ്ങൾക്കുമായി വീതിച്ചു നൽകിയാണ് 2019 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്(ഭേദഗതി) ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചത്. അതിനാൽ 50% ഓപ്പൺ ക്വാട്ട വ്യവസ്ഥയെ ഇതു ബാധിക്കുന്നില്ല. |
| (ബി) | പ്രസ്തുത രീതി, നിയമനങ്ങളിൽ 50 ശതമാനം ഓപ്പൺ ക്വാട്ട നിലനിർത്തണമെന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമാകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | 19/11/2019 തീയതിയിലെ 2830-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 905/2019 ആയി പ്രസിദ്ധീകരിച്ചിട്ടുള്ള 18/11/2019 തീയതിയിലെ സ.ഉ (അച്ചടി) നമ്പർ 79/2019/RD നമ്പർ വിജ്ഞാപനപ്രകാരം കേരള സർക്കാർ 2019 ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്(ഭേദഗതി) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. ദേവസ്വം ബോർഡുകളിലെ നിയമനങ്ങൾക്ക് അഹിന്ദുക്കൾക്ക് അപേക്ഷിക്കുവാൻ കഴിയുകയില്ല എന്നതിനാൽ KS&SSR പ്രകാരം പൊതു നിയമനങ്ങളിൽ അഹിന്ദുക്കൾക്ക് ലഭിക്കേണ്ടതായ 18% സംവരണത്തിലെ 10% Economically Weaker Section (EWS) നും ബാക്കിയുള്ള 8% വിവിധ ഹിന്ദു സംവരണ സമുദായങ്ങൾക്കുമായി വീതിച്ചു നൽകിയാണ് 2019 ലെ കേരള ദേവസ്വം |

| | | | |
|---|---|---|---|
| | | | റിക്രൂട്ട്മെന്റ് ബോർഡ്(ഭേദഗതി) ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിച്ചത്. അതിനാൽ 50% ഓപ്പൺ ക്വാട്ട വ്യവസ്ഥയെ ഇതു ബാധിക്കുന്നില്ല. |
| (സി) | മൂന്നാംസ്ഥാനം ഇ.ഡബ്ല്യു.എസ്.ന് നൽകിയതുകൊണ്ട് നാലുപേർക്ക് നിയമനം നൽകുമ്പോൾ 50 ശതമാനം ഓപ്പൺ ക്വാട്ട നിലനിർത്തുന്നതിനുവേണ്ടി നാലാമത് നിയമനം ലഭിക്കേണ്ട പട്ടികജാതി വിഭാഗത്തിലെ ഉദ്യോഗാർത്ഥിക്ക് അവസരം നഷ്ടപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ അനുവർത്തിച്ചുവരുന്ന റൊട്ടേഷൻ ചാർട്ട് പ്രകാരം ബോർഡിൽ റിപ്പോർട്ട് ചെയ്യുന്ന അഞ്ചിൽ താഴെ ഒഴിവുകളുള്ള തസ്തികകളിലേയ്ക്ക് നിയമനം നടത്തുമ്പോൾ നാലാമത്തെ ഒഴിവിൽ SC വിഭാഗത്തിനു ലഭിക്കേണ്ട നിയമനം ആറാമത്തെ ഒഴിവിലേയ്ക്ക് മാറിയിട്ടുണ്ട്. 1 OC, 2 E/B/T, 3 EWS, 4 SC - ഇപ്രകാരമാണ് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അനുവർത്തിച്ചുവരുന്ന റൊട്ടേഷൻ ചാർട്ടിലെ ആദ്യ നാല് ടേണുകൾ. 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ( KS &SSR ) ഭാഗം 2 - ചട്ടം 15(d) പ്രകാരം ഒരു സെലക്ഷൻ വർഷം (ഒരു റാങ്ക് പട്ടികയുടെ കാലാവധി) സംവരണം 50% ൽ അധികരിക്കുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഒന്നു മുതൽ നാല് വരെയുള്ള ടേണുകളിൽ ഒരു OC ടേൺ മാത്രമേ വരുന്നുള്ളു തുടർന്നുള്ള മൂന്ന് ടേണുകളും സംവരണ ടേണുകളാണ് KS&SSR ഭാഗം 2 - ചട്ടം 15(d) പ്രകാരം 4 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ രണ്ട് OC ടേണുകളും രണ്ട് സംവരണ ടേണുകളുമാണ് നികത്തപ്പെടുന്നത്. രണ്ട് OC ഊഴങ്ങൾ നികത്തേണ്ടത് ചട്ടപ്രകാരം അനിവാര്യമായതിനാൽ 4 SC ടേൺ TPO ( Temporarily Passed Over ) ആയി മാറ്റിവയ്ക്കുന്നു. വീണ്ടും ഒരു ഒഴിവ് റിപ്പോർട്ട് ചെയ്യപ്പെട്ടാലും അത് OC ടേണിനു നൽകേണ്ടതുണ്ട്. TPO SC ടേൺ നികത്തുവൻ കഴിയുന്നതല്ല. നിലവിലെ റൊട്ടേഷൻ പ്രകാരം 6 ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ മാത്രമേ SC ടേൺ നികത്തപ്പെടുന്നുള്ളൂ. 2019 ൽ കെ.ഡി.ആർ.ബി ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് മുൻപ് ഉണ്ടായിരുന്ന റൊട്ടേഷൻ ചാർട്ട് പ്രകാരം നാല് (4) ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ ഒരു തസ്തികയുടെ ആദ്യ സെലക്ഷനിൽ ഒരു SC ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്തിരുന്നു. 2019, ലെ ഭേദഗതി പ്രകാരം EWS സംവരണം ഏർപ്പെടുത്തിയപ്പോൾ മൂന്നാമത്തെ ടേൺ EWS ന് നൽകിയതിനാലാണ് ആദ്യ നാല് ഒഴിവുകളിൽ നിയമന ശിപാർശ നടത്തുമ്പോൾ SC ഉദ്യോഗാർത്ഥിയെ നിയമന ശിപാർശ ചെയ്യാൻ സാധിക്കാത്ത അവസ്ഥ സംജാതമായത്. എന്നാൽ കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | ചെയ്യപ്പെടുമ്പോൾ അപ്രകാരം അവസരം നഷ്ടപ്പെടുന്നത് പരിഹരിക്കാറുമുണ്ട്. |
| (ഡി) | എങ്കിൽ എത്രപേർക്ക് ഏതെല്ലാം തസ്തികകളിൽ ഇത്തരത്തിൽ അവസരം നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | 1958 ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ( KS&SSR ) ഭാഗം 2 - ചട്ടം 15(d) പ്രകാരം ഒരു സെലക്ഷൻ വർഷം ( ഒരു റാങ്ക് പട്ടികയുടെ കാലാവധി ) സംവരണം 50 % ൽ അധികരിക്കുവാൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ തസ്തികയുടെ അഞ്ചിൽ താഴെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ മൂന്നാം സ്ഥാനം EWS -ന് നൽകിയത് കൊണ്ട് 4 SC ടേണിലുള്ള ഉദ്യോഗാർത്ഥിയെ താത്കാലികമായി മാറ്റി നിർത്തുകയും പിന്നീട് ടി തസ്തികയുടെ കൂടുതൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ താത്കാലികമായി മാറ്റിവെയ്ക്കപ്പെട്ട ടേൺ നികത്തപ്പെടുകയും ചെയ്യുന്നു. അപ്രകാരം മാറ്റിവെയ്ക്കപ്പെട്ടതും നികത്തപ്പെട്ടതുമായ SC വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) | റൊട്ടേഷൻ റോസ്റ്ററിൽ ഇ.ഡബ്ല്യു.എസ്. വിഭാഗത്തിന് ആറാമത് സ്ഥാനം നൽകിയാൽ പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടുമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ; | (ഇ) | റൊട്ടേഷൻ റോസ്റ്ററിൽ EWS വിഭാഗത്തിന് ആറാമത് സ്ഥാനം നൽകിയാൽ മാത്രം പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടുന്നതല്ല. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിലെ റൊട്ടേഷൻ ചാർട്ടിനെ അടിസ്ഥാനമാക്കി മെറിറ്റിന് 40%, EWS 10%, ഹിന്ദു സംവരണ വിഭാഗങ്ങൾ 50% എന്ന ക്രമത്തിൽ റൊട്ടേഷൻ പുന:ക്രമീകരിക്കുന്നതിനും പി.എസ്.സി നിയമന പ്രക്രിയയിലെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിക്കൊണ്ട് ഹിന്ദു സംവരണ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം നൽകി നിയമന പ്രക്രീയയ്ക്കായി കെ.ഡി.ആർ.ബി. ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശപ്രകാരം 27.06.2024 ൽ ചേർന്ന ബോർഡ് യോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കെ.ഡി.ആർ.ബി. ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിക്കുകയും കെഡിആർബി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |
| (എഫ്) | ഇല്ലെങ്കിൽ അപ്രകാരം ആറാംസ്ഥാനം ഇ.ഡബ്ല്യു.എസ്.ന് നൽകി ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | റൊട്ടേഷൻ റോസ്റ്ററിൽ EWS വിഭാഗത്തിന് ആറാമത് സ്ഥാനം നൽകിയാൽ മാത്രം പ്രസ്തുത പ്രശ്നം പരിഹരിക്കപ്പെടുന്നതല്ല. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിലെ റൊട്ടേഷൻ ചാർട്ടിനെ അടിസ്ഥാനമാക്കി മെറിറ്റിന് 40%, EWS 10%, ഹിന്ദു സംവരണ വിഭാഗങ്ങൾ |

| | | | |
|---|---|---|---|
| | | | 50% എന്ന ക്രമത്തിൽ റൊട്ടേഷൻ പുന:ക്രമീകരിക്കുന്നതിനും പി.എസ്.സി നിയമന പ്രക്രിയയിലെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിക്കൊണ്ട് ഹിന്ദു സംവരണ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം നൽകി നിയമന പ്രക്രീയയ്ക്കായി കെ.ഡി.ആർ.ബി. ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ടി നിർദ്ദേശപ്രകാരം 27.06.2024 ൽ ചേർന്ന ബോർഡ് യോഗത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കെ.ഡി.ആർ.ബി. ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് തീരുമാനിക്കുകയും കെഡിആർബി ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി അടിയന്തിരമായി തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ക്രമ നമ്പർ | ദേവസ്വം | കാറ്റഗറി നം | തസ്തികയുടെ പേര് | എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കൊച്ചിൻ ദേവസ്വം ബോർഡ് | 05/2019 | എൽ.ഡി ടൈപ്പിസ്റ്റ് | 1 | നികത്തപ്പെട്ടു |
| 2 | ഗുരുവായൂർ ദേവസ്വം | 12/2020 | റെസിഡന്റ് മെഡിക്കൽ ഓഫീസർ | 1 | നികത്തപ്പെട്ടു |
| 3 | ഗുരുവായൂർ ദേവസ്വം | 13/2020 | സ്റ്റാഫ് നഴ്സ് ഗ്രേഡ് II | 1 | നികത്തപ്പെട്ടു |
| 4 | ഗുരുവായൂർ ദേവസ്വം | 40/2020 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 1 | നികത്തപ്പെട്ടു |
| 5 | ഗുരുവായൂർ ദേവസ്വം | 09/2022 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 | നികത്തിയിട്ടില്ല |
| 6 | തിരുവിതാംകൂർ ദേവസ്വം ബോർഡ് | 04/2022 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 | നികത്തപ്പെട്ടു |